പതിനാറാം കേരള നിയമസഭ

ഒന്നാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 605** **24-06-2026-ൽ മറുപടിയ്ക്ക്**

**<u>സാമൂഹ്യ പരിഷ്കർത്താക്കളുടെ പൈതൃകം സംരക്ഷിക്കുന്നതിനുള്ള നടപടി</u>**

**<u>ചോദ്യം ഉന്നയിച്ച അംഗങ്ങൾ</u>**

ശ്രീ. മഞ്ഞളാംകുഴി അലി

ശ്രീ. എം. എ. റസാഖ് മാസ്റ്റർ

ശ്രീ. കുറുക്കോളി മൊയ്തീൻ

**<u>മറുപടി നൽകിയ മന്ത്രി</u>**

ശ്രീമതി കെ. എ. തുളസി
(പട്ടികജാതി, പട്ടികവർഗ്ഗ - പിന്നോക്ക ക്ഷേമ വകുപ്പ് മന്ത്രി)

**(എ)** പിന്നോക്ക വിഭാഗത്തിൽപ്പെടുന്ന വിശിഷ്ട വ്യക്തികളുടെയും സാമൂഹ്യപരിഷ്കർത്താക്കളുടെയും പൈതൃകം സംരക്ഷിക്കുന്നതിന് പിന്നോക്ക ക്ഷേമ വകുപ്പ് തീരുമാനം എടുത്തിട്ടുണ്ടോ; വിശദമാക്കാമോ;

**<u>മറുപടി:</u>** പിന്നാക്ക വിഭാഗത്തിൽപ്പെട്ട സാമൂഹ്യപരിഷ്കർത്താക്കളുടെയും, സ്വാതന്ത്ര്യ സമര സേനാനികളുടെയും, വിവിധ രംഗങ്ങളിൽ വ്യക്തിമുദ്ര പതിപ്പിച്ച പ്രശസ്തരുടെയും പേരിൽ ഗവേഷണ പഠന കേന്ദ്രങ്ങൾ ആരംഭിക്കുന്നതിനുള്ള പദ്ധതി പരിഗണനയിലാണ്. ഇക്കാര്യം 2026-27 വർഷത്തെ ഗവർണറുടെ നയപ്രഖ്യാപന പ്രസംഗത്തിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. ടി പദ്ധതിയുടെ ആദ്യഘട്ടമായി ശ്രീ.ഷണ്മുഖം ചെട്ടി പഠന ഗവേഷണ കേന്ദ്രത്തിനായി 2026-27-ലെ ആദ്യ ബജറ്റിന്മേലുള്ള ഭേദഗതി പത്രികയിൽ തുക വകയിരുത്തിയിട്ടുണ്ട്.

**(ബി)** ആയതിന്റെ ഭാഗമായി പഠന-ഗവേഷണ സ്ഥാപനങ്ങൾ ആരംഭിക്കുവാൻ പിന്നോക്ക ക്ഷേമ വകുപ്പ് ഉദ്ദേശിക്കുന്നുണ്ടോ; എങ്കിൽ വിശദാംശം നൽകാമോ?

**<u>മറുപടി:</u>** മുൻ ഖണ്ഡികയിലെ ഉത്തരം

**സെക്ഷൻ ഓഫീസർ**